**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2582** **12/02/2020 ൽ മറുപടിക്ക്**

## ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് നഷ്ടപരിഹാരം

**ചോദ്യം**

**ശ്രീ.കെ.എം.ഷാജി**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ ഏതെങ്കിലും വിധത്തിലുള്ള പരാമർശമോ പ്രഖ്യാപനമോ നടത്തിയിരുന്നോ ; വിശദമാക്കാമോ; | (എ) | കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്ത് തീർത്ഥാടകർക്ക് നേരെ അക്രമസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ എല്ലാ വിധ സംരക്ഷണവും ഏർപ്പെടുത്തിയിരുന്നു. ആയതിനാൽ നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല |
| (ബി) | എങ്കിൽ നഷ്ടപരിഹാരം ലഭിക്കാൻ അർഹതപ്പെട്ടവരായി എത്ര പേരെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് എപ്രകാരമാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിന് ഏതെങ്കിലും കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിരുന്നതാണോ അതോ സർക്കാർ ഈ വിഷയത്തിൽ സ്വമേധയാ തീരുമാനമെടുത്തതാണോ എന്ന് വ്യക്തമാക്കുമോ; എന്നാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തത് എന്നറിയിക്കുമോ; | (ബി) (സി) & (ഡി) | ബാധകമല്ല. |
| (സി) | നഷ്ടപരിഹാരം ലഭ്യമാക്കേണ്ടവരെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; ഇവരിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നാളിതുവരെ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും എന്ത് തുക വീതം നല്കിയെന്നും അറിയിക്കുമോ ; | | |
| (ഡി) | നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്തിയത്; വിശദവിവരം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ